LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ കടബാദ്ധ്യത

24 (*54) ശ്രീ. ബി. സത്യൻ :
ശ്രീ. എം. എ. ബേബി :
ഡോ. ടി. എം. തോമസ് ഐസക് :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തെ കടക്കെണിയിൽനിന്നും മോചിപ്പിക്കുമെന്ന വാഗ്ദാനത്തിന്റെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള മൊത്തം കടം എത്രയായിരുന്നു ;

(സി) കഴിഞ്ഞ നാലുവർഷം കൊണ്ട് സംസ്ഥാനത്തിന്റെ കടബാദ്ധ്യത എത്രയായി ഉയർന്നു ; വിശദമാക്കുമോ ;

(ഡി) കടബാദ്ധ്യത വർദ്ധിക്കാനിടയായതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഇ) നികുതി വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ടോ ;

(എഫ്) ഇപ്പോഴത്തെ ധനകാര്യപ്രതിസന്ധിയെ കുറിച്ച് ഒരു ധവളപത്രം പുറപ്പെടുവിക്കാൻ തയ്യാറാകുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) സംസ്ഥാനങ്ങൾ കടക്കെണിയിലകപ്പെടരുതെന്ന ഉദ്ദേശ്യത്തോടെ 13 - ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമുള്ള 2011-ലെ ധനഉത്തരവാദിത്ത (ഭേദഗതി) നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സംസ്ഥാനത്തിന്റെ കടബാദ്ധ്യതയുടെ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പന്നത്തിന്റെ അനുപാതത്തിലുള്ള ലക്ഷ്യവും നേട്ടവും ചുവടെ ചേർക്കുന്നു :

(ശതമാനത്തിൽ)

	2011-12		2012-13		2013-14	
	ലക്ഷ്യം	നേട്ടം	ലക്ഷ്യം	നേട്ടം	ലക്ഷ്യം	നേട്ടം
കടബാധ്യത (സംസ്ഥാനമൊത്ത ആഭ്യന്തരഉൽപ്പന്നത്തിന്റെ അനുപാതത്തിൽ)	32.3	29.04	31.7	29.64	30.7	30.03*

(*സംസ്ഥാന മൊത്തം ആഭ്യന്തര ഉൽപ്പന്നം ക്യാബ് എസ്റ്റിമേറ്റ് അടിസ്ഥാനത്തിൽ)

2011-12, 2012-13, 2013-14 കാലഘട്ടത്തിൽ സംസ്ഥാനത്തിന്റെ കടബാധ്യത ധനഉത്തരവാദിത്ത (ഭേദഗതി) നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ലക്ഷ്യത്തിനുള്ളിൽ തന്നെ നിലനിർത്തുവാൻ സാധിച്ചിട്ടുണ്ട്. ആയതിനാൽ സംസ്ഥാനം കടക്കെണിയിലാണെന്ന് വിലയിരുത്താനാവില്ല.

(ബി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ 31-3-2011 വരെ സംസ്ഥാനത്തിന്റെ മൊത്തം പൊതു കടം 78,673.24 കോടി രൂപയായിരുന്നു.

(സി) കഴിഞ്ഞ നാലു വർഷത്തെ സംസ്ഥാനത്തിന്റെ പൊതു കടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ)

വർഷം	കടബാധ്യത
2011-12	89418.18
2012-13	103560.84
2013-14	119009.07
2014-15 ഡിസംബർ 31 വരെ (പ്രാഥമിക കണക്കുകൾ പ്രകാരം	128095.05

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011-12 സാമ്പത്തിക വർഷത്തിൽ പദ്ധതി അടങ്കൽ 12010 കോടി രൂപയും 2012-13-ൽ 14010 കോടി രൂപയും 2013-14-ൽ 17000 കോടി രൂപയും 2014-15-ൽ 20,000 കോടി രൂപയുമാണ്. പദ്ധതി അടങ്കലിലെ വർദ്ധനവിനനുപാതികമായി കടത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എങ്കിലും ഈ കാലയളവിൽ കടബാദ്ധ്യത 2011-ലെ ധന ഉത്തരവാദിത്ത (ഭേദഗതി) നിയമം അനുശാസിക്കുന്ന ലക്ഷ്യത്തിനുള്ളിൽ നിർത്തുവാൻ സാധിച്ചിട്ടുണ്ട്.

(ഇ) ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യ രണ്ടുപാദത്തിൽ നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായിരുന്നില്ലെങ്കിലും നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി കൈക്കൊണ്ട നടപടികളുടെ ഫലമായി ഇപ്പോൾ നികുതി വരുമാനത്തിൽ വർദ്ധനവ് കാണപ്പെടുന്നുണ്ട്.

(എഫ്) ധവളപത്രം പുറപ്പെടുവിക്കുവാനുള്ള ഒരു സാഹചര്യം ഇപ്പോൾ നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly